പതിമൂന്നാം കേരള നിയമസഭ - ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1908 | 17/12/2012 - ൽ മറുപടിക്ക്

## മത്സ്യബന്ധന മേഖലയിലെ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് കുടിശ്ശിക നൽകാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. എ. അസീസ്: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയിലെ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ലംപ്സം ഗ്രാന്റ് എത്ര രൂപയാണെന്ന് ക്ലാസ്സ് തിരിച്ച് വ്യക്തമാക്കുമോ ; | (എ) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) എത്ര മാസത്തെ കുടിശ്ശികയാണ് നൽകാനുള്ളത് ; | (ബി) ഓരോ വർഷത്തേയ്ക്കാണ് ലംപ്സം ഗ്രാന്റ് അനുവദിക്കുന്നത്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം ജില്ലകളിൽ 2011-12 അദ്ധ്യയന വർഷം ഡിസംബർ മാസം മുതൽ ലഭിച്ച അപേക്ഷകൾ കുടിശ്ശികയായിട്ടുണ്ട്. പ്രസ്തുത കുടിശ്ശിക തുക വിതരണം ചെയ്തു വരുന്നു. മറ്റു ജില്ലകളിലെ കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. |
| (സി) പ്രതിവർഷം ലംപ്സം ഗ്രാന്റ് നൽകുന്നതിനായി എത്ര കോടി രൂപ ചെലവ് വരും ; | (സി) പ്രതിവർഷം ലംപ്സം ഗ്രാന്റ് ഇനത്തിനു മാത്രമായി ഏകദേശം 3.5 കോടി രൂപ ചെലവ് വരുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ഇത്രയും തുക ബഡ്ജറ്റിൽ ചെലവിനത്തിൽ മാറ്റി വയ്ക്കാറുണ്ടോ ; | (ഡി) | മാറ്റി വയ്ക്കാറുണ്ട്. |
| (ഇ) | മുഴുവൻ കുട്ടികൾക്കും ലംപ്സം ഗ്രാന്റ് ലഭിക്കുന്നതിനാവശ്യമായ തുക ബഡ്ജറ്റിൽ നീക്കി വയ്ക്കുവാൻ തയ്യാറാകുമോ ; | (ഇ) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (എഫ്) | ലംപ്സം ഗ്രാന്റ് കുടിശ്ശിക തുക എന്നത്തേക്ക് കൊടുത്തു തീർക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | (എഫ്) | കുടിശ്ശിക തീർക്കുന്നതിനാവശ്യമായ തുക അനുവദിച്ചു നൽകിയിട്ടുണ്ട്. ഓരോ വർഷത്തേയ്ക്കാണ് ലംപ്സം ഗ്രാന്റ് അനുവദിക്കുന്നത്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം ജില്ലകളിൽ 2011-12 അദ്ധ്യയന വർഷം ഡിസംബർ മാസം മുതൽ ലഭിച്ച അപേക്ഷകൾ കുടിശ്ശികയായിട്ടുണ്ട്. പ്രസ്തുത കുടിശ്ശിക തുക വിതരണം ചെയ്തു വരുന്നു. മറ്റു ജില്ലകളിലെ കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ